


# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

---

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ

സംസ്ഥാനം : കേരളം

ജില്ല : കോഴിക്കോട്

ബ്ലോക്ക് : പന്തലായനി

പഞ്ചായത്ത് : ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

വാർഡ് : 5-എളാട്ടേരി നോർത്ത്

സ്ഥലം : കോട്ടകുന്നുമ്മൽ

# ആമുഖം

ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുന്നതിനും ദരിദ്രരായ ഗ്രാമീണ ജനങ്ങളുടെ ദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിനും രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം അതുവഴി നിഷ്കർഷിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉത്പാദന ക്ഷമമായ ആസ്തികളുടെ സൃഷ്ടിയുമാണ് ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. 2005 ആഗസ്ത് 23ആം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിൽ ആവിശ്യപ്പെടുന്നവർക്കു 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്ത പക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്കു തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത തൊഴിലിന്റെ വേതനം 15 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തുന്നു എന്നതാണ് ഈ നിയമത്തിന്റെ സവിശേഷത

തുടക്കത്തിൽ ഇന്ത്യയിലെ 200ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു.ഇന്ത്യയിലെ

മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളുടെയും, തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ട മിനിമം അവകാശങ്ങളുടെയും നിയമത്തിൻ കീഴിൽ വരുന്ന എല്ലാ ചെലവുകളുടെയും നിർവ്വഹണം കേന്ദ്ര സർക്കാർ അനുശാസിക്കുന്ന രീതിയിൽ ഏറ്റവും കുറഞ്ഞത് 6 മാസത്തിൽ ഒരിക്കലെങ്കിലും സോഷ്യൽ ഓഡിറ്റിന് വിധേയ മാക്കിയിരിക്കേണ്ടതാണ്.

**ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലയിലെ തീരദേശ പഞ്ചായത്തുകളിൽ ഒന്നാണ് ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിലെ 14, 15, 17 വാർഡുകൾ തീരദേശ വാർഡുകളാണ് .കാർഷിക മേഖലയാണ് പ്രധാന തൊഴിൽ മേഖല. ചകിരി വ്യവസായവുമായി ബന്ധപ്പെട്ട തൊഴിൽ കേന്ദ്രങ്ങൾ ഇവിടെയാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. കിഴക്കൻ അതിർത്തിയിൽ ഉള്ളൂർ പുഴയോരത്ത് വ്യാപിച്ചു കിടക്കുന്ന അമൂല്യ ജൈവ സമ്പത്തുള്ള കണ്ടൽ വനപ്രദേശം പടിഞ്ഞാറ് പൊയിൽകാവിൽ കാടലോടടുത്തു സ്ഥിതി ചെയ്യുന്ന പതിനഞ്ച് ഏക്കറോളം വിസ്തൃതിയുള്ള കാവ് എന്നിവ ഇവിടുത്തെ ജൈവ വൈവിധ്യത്തെ സംരക്ഷിച്ചു പോരുന്നു. കടലോരവും ചെറിയ കുന്നുകളും ചരിവ് പ്രദേശങ്ങളും പാടങ്ങളും സമതല പ്രദേശങ്ങളും അടങ്ങുന്നതാണ് ഈ ഗ്രാമം. ജനങ്ങളുടെ ജീവിത നിലവാരവും സാംസ്കാരിക നിലവാരവും ഉയർത്തുക എന്ന ലക്ഷ്യത്തോടു കൂടിയ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കുന്നത്.

വിസ്തീർണ്ണം - 13.60 ചതുരശ്ര കിലോമീറ്റർ

ജില്ല പഞ്ചായത്ത് - കോഴിക്കോട്

ബ്ലോക്ക് പഞ്ചായത്ത് - പന്തലായനി

താലൂക്                              - കൊയിലാണ്ടി

ഉൾപ്പെടുന്ന വാർഡുകൾ  - 17

**<u>മുഖ്യ ലക്ഷ്യങ്ങൾ</u>**

- അവിദഗ്ദ്ധ -കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയായാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം
- ദരിദ്രരുടെ ഉപജീവനുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

**<u>സവിശേഷതകൾ</u>**

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
- സ്ത്രീക്കും പുരുഷനും തുല്ല്യ വേതനം

- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾതന്നെ പ്രവൃത്തികൾ കണ്ടെത്തുക, ആസൂത്രണം പ്രക്രിയയിൽ പങ്കാളികളാകാനും അവസരം
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരോ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിങ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു (സോഷ്യൽ ഓഡിറ്റ് സംവിധാനം )
- പദ്ധതി പരിഹാര സംവിധാനം

**<u>രീതിശാസ്ത്രം</u>**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കോഴിക്കോട് ജില്ല വില്ലേജ് റിസോഴ്സ് പേഴ്സൺമാരാണ് കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്കിലെ ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് വാർഡ് 5 ലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ്, പന്തലായനി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ എന്നിവരുമായി സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺ വാർഡ് 6ഇൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം**

2018ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ ഏറ്റെടുത്തു നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ  എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ.

**നാലാം ഘട്ടം**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചു അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## തൊഴിലാളികൾക്ക് 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് 10അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു.

**1.തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം** :ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമുള്ള അവിദഗ്ദധ കായിക തൊഴിൽ ചെയ്യാൻ തയ്യാറായിട്ടുള്ള ആളുകൾ ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുക.

ഒരു കുടുംബത്തിൽ തൊഴിൽ ആവശ്യമുള്ളവരുടെ മുഴുവൻ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഇതിനായി അപേക്ഷ നൽകേണ്ടത്. അപേക്ഷയിൽ പൂർണ്ണ വിലാസം, വയസ്സ്, വാർഡ് നമ്പർ, റേഷൻ കാർഡ് നമ്പർ, ആധാർ കാർഡ് നമ്പർ എന്നിവ ചേർത്തിരിക്കണം. അപേക്ഷകർക്ക് പ്രാഥമികാന്വേഷണത്തിനു ശേഷം ഗ്രാമപഞ്ചായത്തു സെക്രട്ടറി കാർഡ് അനുവദിച്ചു നൽകും. തൊഴിൽ ആവിശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും ഫോട്ടോയും വിവരങ്ങളും തൊഴിൽ കാർഡിൽ ഉണ്ടായിരിക്കും. അപേക്ഷ നൽകിയാൽ 15ദിവസത്തിനകം തൊഴിൽ കാർഡ് നൽകണം. തൊഴിൽ കാർഡിന് വേണ്ടി ഫോട്ടോ എടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്തു വഹിക്കണം. അഞ്ചു വർഷത്തേക്കാണ് ഒരു തൊഴിൽ കാർഡ് അനുവദിച്ചുനൽകുന്നത്. ഒരു കുടുംബം ഒരു  വർഷം ആവശ്യപ്പെട്ട തൊഴിൽ ദിനങ്ങൾ, അവർക്ക് അനുവദിച്ച തൊഴിൽ ദിനങ്ങൾ ലഭിച്ച വേതനം, ഏറ്റെടുത്ത പ്രവൃത്തികൾ, മസ്റ്റർ റോൾ നമ്പർ, ലഭിച്ച തൊഴിലില്ലാഴ്മ വേതനം, നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതാത് സമയം എഴുതി ചേർക്കണം.

2.**അപേക്ഷിച്ചിട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം** :

തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിൽ ആവിശ്യമുള്ളപ്പോൾ പ്രത്യേകം അപേക്ഷ നൽകണം. നിർദിഷ്ട ഫോറത്തിൽ ഗ്രാമപഞ്ചായത്തിൽ ആണ് അപേക്ഷ നൽകേണ്ടത്. വെള്ളക്കടലാസിലും അപേക്ഷ നൽകാവുന്നതാണ്. എഴുത്തും വായനയും അറിയാത്തവർ നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ മുമ്പിൽ വാക്കാലും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. ചുരുങ്ങിയത് രണ്ടാഴ്ചത്തേക്കാണ് തൊഴിൽ ആവിശ്യപ്പെടേണ്ടത്. തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രസീത് കൈപ്പറ്റിയിരിക്കണം. എന്ന് മുതൽ എന്ന് വരെയാണ് തൊഴിൽ ആവിശ്യമുള്ളതെന്നു അപേക്ഷയിൽ വ്യക്തമാക്കണം. അപേക്ഷിച്ച തിയ്യതി മുതൽക്കോ അപേക്ഷിച്ച് പരമാവധി 15ദിവസങ്ങൾക്കുള്ളിലോ തൊഴിൽ ലഭ്യമാക്കിയിരിക്കണം. പരമാവധി 100ദിവസത്തെ തൊഴിലിനാണ് അപേക്ഷ നൽകേണ്ടത്.

**3.തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലാഴ്മ വേതനം ലഭിക്കുവാനുള്ള അവകാശം** :തൊഴിലാവശ്യപ്പെട്ടവർക്കു 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ. അല്ലാത്ത പക്ഷം തൊഴിലില്ലാഴ്മ വേതനം ലഭിക്കുന്നതിന് തിയ്യതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ആവിശ്യമാണ്. തൊഴിലിന് അപേക്ഷിച്ചിട്ട് 15ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ 16 മത്തെ ദിവസം മുതൽ ആദ്യത്തെ 30 ദിവസം നിർദ്ദിഷ്ട വേതനത്തിന്റെ നാലിലൊന്ന് കുറയാത്ത തുകയും പിന്നീടുള്ള ദിവസങ്ങളിൽ വേതനത്തിന്റെ പകുതിയിൽ കുറയാത്ത തുകയുമാണ് തൊഴിലില്ലാഴ്മ വേതനമായി ലഭിക്കുക. പിന്നീട് ഈ തുക തൊഴിൽ നൽകുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും ഈടാക്കണമെന്നാണ് വ്യവസ്ഥ.

**4.ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുവാനുള്ള അവകാശം** :ഒരു ഗ്രാമപഞ്ചായത്തിന്റെ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിന്റെ ഇരട്ടിയിലധികം തുകയ്ക്കുള്ള പ്രവർത്തികളാണ് ഷെൽഫ് ഓഫ് പ്രോജെക്ടിൽ ഉണ്ടാവുക.

**5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം** :തൊഴിലിന് വേണ്ടി അപേക്ഷിക്കുന്നവരുടെ തൊഴിലിടങ്ങൾ അവരുടെ താമസസ്ഥലത്തിന്റെ 5 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ ആയിരിക്കണം. 5 കിലോമീറ്റർ ദൂരപരിധിക്ക് പുറത്താണ് തൊഴിലെടുക്കുന്നതെങ്കിൽ 10 ശതമാനം അധിക വേതനത്തിന് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

**6.കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം :**

തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ

i.തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ വെള്ളം നൽകുക.

ii.പ്രഥമ ശുശ്രൂഷ കിറ്റ് ഉണ്ടെന്നു ഉറപ്പ് വരുത്തുക.

iii.ഭക്ഷണം കഴിക്കുന്നതിനും ഉച്ചയ്ക്ക് 1മണിക്കൂർ വിശ്രമിക്കുന്നതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണൽ ഒരുക്കുക.

iv.അഞ്ച് വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം അഞ്ചിൽ കൂടുതലാണെങ്കിൽ അവരെ പരിപാലിക്കുക.

**7.15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം** :പദ്ധതിയുടെ വേതനം ബാങ്ക്, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ അക്കൗണ്ടിലൂടെയാണ് നൽകുന്നത്. ഓരോ തൊഴിലാളിക്കും പ്രത്യേകം അക്കൗണ്ട് വേണം. ഓരോ തൊഴിലാളി യുടെയും വേതനം അവർക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താനാണ് ഇങ്ങനെ നിഷ്കളർഷിച്ചിട്ടുള്ളത്.സ്ത്രീ തൊഴിലാളികളുടെ വേതനത്തിന്മേലുള്ള നിയന്ത്രണം അവർക്കു തന്നെ ആയിരിക്കണമെന്ന ഒരു ലക്ഷ്യവും ഈ വ്യവസ്ഥയ്ക്ക് പിന്നിലുണ്ട്.

**8.വേതന വിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം** :മസ്റ്റർ റോൾ അവസാനിച്ചു 15ദിവസത്തിനകം വേതനം ലഭിച്ചിരിക്കണം. ഇങ്ങനെ ലഭിക്കാതെ വന്നാൽ പതിനാറാമത്തെ ദിവസം മുതൽ ലഭിക്കാനുള്ള വേതനത്തിന്റെ 0.05 ശതമാനം തുക ഓരോ ദിവസവും നഷ്ട്ടപരിഹാരമായി ലഭിക്കുമെന്നാണ് 2014-ലെ പുതുക്കിയ ഷെഡ്യൂൾ 2ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ തുക തൽക്കാലം സർക്കാർ വഹിക്കുമെങ്കിലും പിന്നീട് വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കണമെന്നാണ് വ്യവസ്ഥ. മനഃപൂർവ്വമോ alambhavam മൂലമോ പാവപ്പെട്ട കൂലി തൊഴിലാളികളുടെ വേതനം മുടങ്ങുകയോ വൈകുകയോ ചെയ്യുന്നത് ഒഴിവാക്കുതിനാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**9.സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം** :തൊഴിലുറപ്പ് നിയമം സെക്ഷൻ 19, ഷെഡ്യൂൾ 2 para 35, കേന്ദ്രവാർഷിക സർക്കുലർ ചാപ്റ്റർ 10.4എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിനുള്ള അവകാശം അനുശാസിക്കുന്നു.തൊഴിലുറപ്പുമായി ബന്ധപ്പെട്ട പരാതികൾ രേഖപരമായോ, വാക്കാലോ, ഫോൺ മുഖാന്തിരമോ നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും, പരാതി മേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം** :ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും, പരിശോധിക്കുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചതു ശരിയായ രീതിയിലാണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്. സോഷ്യൽ audit ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും, പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നു.പ്രത്യേകം വിളിച്ചു ചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.

## <u>അവകാശങ്ങളുമായി ബന്ധപ്പെട്ടു തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങൾ</u>

### <u>തൊഴിൽ കാർഡ്</u>

*തൊഴിൽ കാർഡുമായി ബന്ധപ്പെട്ട് തൊഴിലാളികളോട് ചോദിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് 87 തൊഴിലാളികളും പറഞ്ഞത് ഈ പ്രവിശ്യത്തെ തൊഴിൽകാർഡിലേക്കുള്ള ഫോട്ടോ അവർ തന്നെ പൈസ കൊടുത്തു എടുത്തതാണെന്നാണ്. ആദ്യത്തെ പ്രാവിശ്യം മാത്രമാണ് പഞ്ചായത്തിൽ നിന്നും  എടുത്തിട്ടുള്ളത്. ഫോട്ടോ എടുക്കാൻ വേണ്ടി ഓരോരുത്തർക്കും 100രൂപ വീതം ചിലവായിട്ടുണ്ട്. പിന്നെ ഈ തൊഴിൽ കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേറ്റ് പഞ്ചായത്തിൽ പോകുന്നതിനു വേണ്ടി ഓരോരുത്തരിൽ നിന്നും 20രൂപ വീതം വാങ്ങിയിട്ടുണ്ട്. പക്ഷെ  ഈ പൈസ വാങ്ങുന്നതിൽ ഒരു പരാതിയും ഇല്ലെന്ന് തൊഴിലാളികൾ പറഞ്ഞു.

*തൊഴിലിന് വേണ്ടിയുള്ള അപേക്ഷ ഓരോരുത്തരും എഴുതിയതിനു ശേഷം മേറ്റ് പഞ്ചായത്തിൽ കൊടുക്കുകയാണ് ചെയ്യുന്നത്. അപേക്ഷിച്ച്

15 ദിവസത്തിനകം പണി കിട്ടാറില്ലെന്നും പറഞ്ഞു.പക്ഷെ ആരും തന്നെ തൊഴിലില്ലാഴ്മ വേതനത്തിന് ഇത് വരെ അപേക്ഷിച്ചിട്ടില്ലെന്നു മനസ്സിലായി. പണി കിട്ടാൻ വൈകുന്നത് കൊണ്ട് 100 പണി തികഞ്ഞവർ ആരും തന്നെ ഇല്ലെന്നു പറഞ്ഞു. ഓരോ തൊഴിലാളികൾക്കും ഒരു പണിയിൽ 14ദിവസം പണിയുണ്ടെന്നു പറഞ്ഞാലും 7, 9 ദിവസം മാത്രമേ പണി കിട്ടാറുള്ളു. ഇനിയുള്ള പണിയിലെങ്കിലും 14ദിവസം പണി കിട്ടണമെന്നുള്ള ആഗ്രഹം ഉണ്ടന്ന് തൊഴിലാളികൾ പറഞ്ഞു.

കഴിഞ്ഞ കൊല്ലം പണി എടുത്ത കൂലി വേഗം കിട്ടാറുണ്ട്. പക്ഷെ ഈ പ്രാവിശ്യം എടുത്ത പണിയുടെ പൈസ ഇതുവരെ ആർക്കും കിട്ടിയിട്ടില്ല. വൈകുന്നത് മൂലമുള്ള നഷ്ട പരിഹാരവും ആർക്കും കിട്ടിയിട്ടില്ല.

തൊഴിലുറപ്പ് സ്ഥലത്ത് കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ കിട്ടാറുണ്ടെന്നു പറഞ്ഞു. ആർക്കെങ്കിലും പരിക്ക് പറ്റിയാൽ ഗവണ്മെന്റ് ആശുപത്രിയിൽ ആണ് കൊണ്ട് പോകാറുള്ളത്. അതിനാൽ അവിടെ പൈസ ഒന്നും ചിലവാകാറില്ല. പക്ഷെ ഓട്ടോ വിളിച്ചാണ് ആശുപത്രിയിൽ കൊണ്ട് പോകാറുള്ളത്. അതിന്റെ പൈസ മേറ്റ് ആണ് കൊടുക്കാറുള്ളത്. അതിനു ബില്ലൊന്നും കിട്ടാത്തത് കൊണ്ട് പഞ്ചായത്തിൽ നിന്നും പൈസ കിട്ടാറുമില്ല. ഫസ്റ്റ് എയ്ഡ് ബോക്സ് ഇപ്പോൾ മേറ്റ് പൈസ എടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. ആദ്യം പഞ്ചായത്തിൽ നിന്നും കിട്ടാറുണ്ടെന്ന് പറഞ്ഞു. പക്ഷെ ഇപ്പോൾ അതിന്റെ പൈസ കിട്ടാറില്ല.

## പ്രവർത്തി വിശദാംശങ്ങൾ വാർഡ് 5 എളാട്ടേരി നോർത്ത്

ചെങ്ങോട്ടുകാവ് പഞ്ചായത്ത് വാർഡ് 5 (എളാട്ടേരി നോർത്ത് ) ലെ 1/10/2018 മുതൽ 31.3.2019 വരെയുള്ള 8 പ്രവർത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റിനു വേണ്ടി തിരഞ്ഞെടുത്തത്. ഈ കാലയളവിൽ നടത്തിയ 8 പ്രവർത്തികൾക്കായി 3774 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങളും

194 വിദഗ്ദ്ധ തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. അവിദഗ്ദ്ധ വേതന ഇനത്തിൽ 1025899 രൂപയും വിദഗ്ദ്ധ വേതന ഇനത്തിൽ 135800 രൂപയും പ്രവർത്തികൾക്ക് വേണ്ടി ചിലവഴിച്ചിട്ടുണ്ട്.

**പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്രമ ന മ്പർ | വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | ലഭിച്ച തൊഴിൽ ദിനങ്ങൾ അവിദഗ്ദ്ധർ | ലഭിച്ച തൊ ഴിൽ ദിന ങ്ങൾ വിദ ഗ്ദ്ധർ | അടങ്കൽ തുക | ആകെ വേതനം | സാധന ഘടകം |
|---|---|---|---|---|---|---|---|
| 1 | IF 353817 | കിണർ നിർമ്മാണം സാവിത്രി എരിയാരി മീത്തൽ | 58 | 113 | 101000 | 94818 | 2700 |
| 2 | IF 353819 | കിണർ നിർമ്മാണം- ബിന്ദു തിരുമംഗലത്ത് | 42 | 81 | 74000 | 68082 | 2700 |
| 3 | LD 229116 | തരിശ് ഭൂമി ഇടവിള കൃഷിക്ക് അനുയോജ്യമാക്കൽ -ഘട്ടം 1 | 665 | 0 | 189000 | 180215 | 4694 |
| 4 | WC 291479 | നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി- മണ്ണ് കയ്യാല നിർമ്മാണം -ഘട്ടം 2 | 397 | 0 | 139500 | 107587 | 3434 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | WC 291478 | നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി- മണ്ണ് കയ്യാല നിർമ്മാണംഘട്ടം -1 | 383 | 0 | 138000 | 103793 | 3376 |
| 6 | LD 229112 | തരിശ് ഭൂമി പച്ചക്കറി കൃഷിക്ക് അനുയോജ്യമാക്കൽ | 669 | 0 | 187500 | 181318 | 2700 |
| 7 | WC 328782 | നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി ഘട്ടം - **3** | 457 | 0 | 158500 | 123847 | 2700 |
| 8 | WC 291477 | നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി ഘട്ടം - **4** | 1103 | 0 | 318500 | 298913 | 2700 |

## 1.കിണർ നിർമ്മാണം സാവിത്രി എരിയാരി മീത്തൽ

പ്രവർത്തി 24/12/2018 ൽ ആരംഭിച്ചു 6/1/2019 ൽ പൂർത്തീകരിച്ചു. 8 മസ്റ്റർ റോളുകളിലായി 171 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്കായി 15718 രൂപ അവിദഗ്ദ്ധ വേതന ഇനത്തിലും 79100 രൂപ വിദഗ്ദ്ധ വേതന ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. ഇതിലെ വെള്ളം തന്നെയാണ് വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കാറുള്ളതു. കിണറിന്റെ അടിയിലുള്ള 8പടവുകൾ ഇടിഞ്ഞ നിലയിൽ കണ്ടു. ഇതിന്റെ സൈറ്റ് ബോർഡ് അവിടെ കാണാൻ കഴിഞ്ഞു.

## 2.കിണർ നിർമാണം -ബിന്ദു തിരുമംഗലത്ത്

പ്രവർത്തി 27/9/2018 ൽ ആരംഭിച്ചു 3/1/2019 ൽ പൂർത്തീകരിച്ചു. 5മസ്റ്റർ റോളുകളിലായി 123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഈ പ്രവർത്തിക്കായി 56700 രൂപ വിദഗ്ദ്ധ വേതന ഇനത്തിലും 11382 രൂപ അവിദഗ്ദ്ധ വേതന

ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. വീട്ടിലെ ആവിശ്യങ്ങൾക്ക് ഈ വെള്ളം തന്നെയാണ് ഉപയോഗിക്കുന്നത്. വെള്ളം വറ്റിയപ്പോൾ വീണ്ടും കുഴി ക്കേണ്ട തായി വന്നിട്ടുണ്ടെന്നു വീട്ടുകാർ പറഞ്ഞു. സൈറ്റ് ബോർഡ് അവിടെ കാണാൻ കഴിഞ്ഞു.

**3.തരിശ് ഭൂമി ഇടവിള കൃഷിക്ക് അനുയോജ്യമാക്കൽ ഘട്ടം 1**

പ്രവർത്തി 5/1/2019 ൽ ആരംഭിച്ചു 25/1/2019 ൽ പൂർത്തീകരിച്ചു. 21 മസ്റ്റർ റോളുകളിലായി 665 തൊഴിൽ തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചു. ഈ പ്രവർത്തിക്കായി 182075 രൂപ വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ എല്ലാ സ്ഥലങ്ങളും കാട് പിടിച്ചതായി കാണപ്പെട്ടു. വീട്ടുകാരോട് ചോദിച്ചപ്പോൾ നിലം ഒരുക്കിയ സമയത്ത് ഇഞ്ചി, മഞ്ഞൾ, കപ്പ എന്നിവ പറമ്പിൽ കൃഷി ചെയ്തതായി അറിയാൻ കഴിഞ്ഞു. ഇവിടെ സൈറ്റ് ബോർഡ് ഉണ്ടായിരുന്നു. പക്ഷെ ഈ പ്രവർത്തിയുടെ സൈറ്റ് ബോർഡ് അല്ല അവിടെ ഉണ്ടായിരുന്നത്. WC 229112 എന്ന പ്രവർത്തിയുടെ സൈറ്റ് ബോർഡ് ആണ് അവിടെ ഉണ്ടായിരുന്നത്. ഈ പ്രവർത്തിയുടെ സൈറ്റ് ബോർഡ് എരിയാരി ബാലകൃഷ്ണൻ നായരുടെ സ്ഥലത്താണ് ഉള്ളത്.

**4.തരിശ് ഭൂമി പച്ചക്കറി കൃഷിക്ക് അനുയോജ്യമാക്കൽ**

പ്രവർത്തി 12/1/2019 ൽ ആരംഭിച്ചു 18/1/2019 ൽ പൂർത്തീകരിച്ചു. 9 മസ്റ്റർ റോളുകളിലായി 669 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചു. ഈ പ്രവർത്തിക്കായി 181318 രൂപ അവിദഗ്ദ്ധ വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ കാട് മൂടിയ അവസ്ഥയിലും ചിലയിടത്തു ഈ പ്രാവിശ്യം വീട്ടുകാർ പറമ്പിൽ പണി എടുപ്പിച്ചതായും കാണാൻ കഴിഞ്ഞു. പണി എടുത്ത സമയത്തു കൃഷി ചെയ്തതായി അറിയാൻ കഴിഞ്ഞു. ഇതിന്റെ സൈറ്റ് ബോർഡ് മാറിയാണ് വെച്ചത്.

**5.നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി -മണ്ണ് കയ്യാല നിർമ്മാണം -ഘട്ടം 1**

പ്രവർത്തി 27/11/2018 ൽ ആരംഭിച്ചു 10/12/2018 ൽ പൂർത്തീകരിച്ചു. 8

മസ്റ്റർ റോളുകളിലായി 383 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 104469 രൂപ വേതന ഇനത്തിൽ ചിലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ പ്രസന്ന കോട്ടകുന്നുമ്മൽ എന്ന ആളുടെ സ്ഥലത്തു കഴിഞ്ഞ പ്രാവിശ്യം ചെയ്ത കയ്യാല റോഡിനു വീതി കൂട്ടിയപ്പോൾ പോയതായി പറഞ്ഞു. ഈ പ്രാവിശ്യവും ഇവിടെ പണി എടുത്തതായി കാണാൻ കഴിഞ്ഞു. ഇപ്പോഴും നല്ല രീതിയിൽ തന്നെ മണ്ണ് കയ്യാല ചില സ്ഥലങ്ങളിൽ കാണാൻ കഴിഞ്ഞു.

**6.നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി-മണ്ണ് കയ്യാല നിർമ്മാണം - ഘട്ടം -2**

പ്രവർത്തി 27/11/2018 ൽ ആരംഭിച്ചു 10/12/2018 ൽ പൂർത്തീകരിച്ചു. 11മസ്റ്റർ റോളുകളിലായി 397തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഈ പ്രവർത്തിക്കായി 108277 രൂപ വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ ചിലയിടത്തു നല്ല രീതിയിൽ തന്നെ ഇപ്പോഴും കയ്യാല കാണപ്പെട്ടു.ചില കയ്യാലകൾ കാല വർഷ കെടുതിയിൽ നശിച്ചതായും കാണാൻ കഴിഞ്ഞു .കാട് പിടിച്ച നിലയിലും കാണപ്പെട്ടു. നല്ല രീതിയിൽ തന്നെയാണ് ഇവിടെ പണി നടന്നത് എന്ന് മനസ്സിലായി.

**7. നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി ഘട്ടം -3**

പ്രവർത്തി 26/9/2018 ൽ ആരംഭിച്ചു 10/10/2018 ൽ പൂർത്തീകരിച്ചു. 14 മസ്റ്റർ റോളുകളിലായി 457 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഈ പ്രവർത്തിക്കായി 123847 രൂപ അവിദഗ്ദ്ധ വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ വരമ്പുകളും മഴകുഴിയും പൂർണ്ണമായി കാണാൻ കഴിഞ്ഞില്ല. വരമ്പുകൾ ചിലത് നികന്നതായി കാണാൻ കഴിഞ്ഞു. മഴകുഴി വേസ്റ്റ് കുഴി ആക്കിയതും ചിലതിൽ വാഴയും തെങ്ങിൻ തൈകളും വെച്ചതായി കണ്ടു.

**8. നീർത്തടാധിഷ്ഠിത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി ഘട്ടം -4**

പ്രവർത്തി 27/9/2018 ൽ ആരംഭിച്ചു 25/10/2018 ൽ പൂർത്തീകരിച്ചു. 30 മസ്റ്റർ റോളുകളിലായി 1103 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഈ പ്രവർത്തിക്കായി 298813 രൂപ അവിദഗ്ദ്ധ വേതന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ

വരമ്പുകളും മഴകുഴിയും പൂർണ്ണമായി കാണാൻ കഴിഞ്ഞില്ല. വരമ്പുകൾ ചിലത് നികന്നതായി കാണാൻ കഴിഞ്ഞു. മഴകുഴി വേസ്റ്റ് കുഴി ആക്കിയതും ചിലതിൽ വാഴയും തെങ്ങിൻ തൈകളും വെച്ചതായി കണ്ടു. കാട് പിടിച്ച നിലയിലും ആയിരുന്നു ചിലത്.

## രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെ പറയുന്ന 7രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1.തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ

2.ഗ്രാമസഭ രജിസ്റ്റർ

3.തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4.പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5.സ്ഥിര ആസ്തികളുടെ രജിസ്റ്റർ.

6.പരാതി രജിസ്റ്റർ

7.സാധന രജിസ്റ്റർ

2018-2019 സാമ്പത്തിക വർഷത്തെ ആസ്തി രജിസ്റ്ററിൽ ആസ്തികൾ രേഖപ്പെടുത്തിയതായി കണ്ടു. പരാതി രജിസ്റ്ററിൽ പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കണ്ടില്ല.

**കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.**

1.കവർ പേജ്

2.ചെക്ക് ലിസ്റ്റ്

3.ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച

കോപ്പി

4.സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5.ഭരണാനുമതിയുടെ കോപ്പി

6.സാങ്കേതിക അനുമതിയുടെ കോപ്പി

7.സംയോജിത പദ്ധതി വിശദാംശങ്ങൾ

8.തൊഴിലാളികൾ തൊഴിൽ  ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ

9.തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി

10.പൂരിപ്പിച്ചു മസ്റ്റർ റോളിന്റെ കോപ്പി

11.മെഷർമെൻറ് ബുക്കിന്റെ കോപ്പി

12.സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ്  സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി

13.വേജ് ലിസ്റ്റ്

14.വേതനത്തിന്റെയും സാധനങ്ങൾക്ക് പണം അടച്ചതിന്റെയും കോപ്പി

15.മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16.റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17.തൊഴിലിന്റെ മൂന്നു ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18.പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കേറ്റിന്റെ കോപ്പി

19.മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്

20.ആസ്തിയുടെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോകൾ

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22.സൈറ്റ് ഡയറി

**ഫയൽ പരിശോധനക്കിടയിൽ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ**

**താഴെ കൊടുക്കുന്നു.**

**കവർ പേജ്**

പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർ പേജ്. പരിശോധിച്ച 8ഫയലിലും കവർ പേജ് ഉണ്ടായിരുന്നില്ല.

**ചെക്ക് ലിസ്റ്റ്**

ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ /ഏതു പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്. WC 291478, WC 328782 എന്നീ ഫയലുകളിൽ ചെക്ക് ലിസ്റ്റിന്റെ കോപ്പി ഇല്ലായിരുന്നു. ബാക്കി ആറു ഫയലുകളിലും ചെക്ക് ലിസ്റ്റിന്റെ കോപ്പി കാണാൻ കഴിഞ്ഞു. പേജ് നമ്പർ കൃത്യമായി അടയാളപ്പെടുത്തിയിരുന്നു.

**ആക്ഷൻ പ്ലാൻ**

പ്രസ്തുത പ്രവർത്തി ഫയലിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ ആന്വൽ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കാനുള്ള രേഖയാണ് ആന്വൽ പ്ലാനിന്റെ കോപ്പി. IF 353817, LD229116, WC 291479എന്നീ ഫയലുകളിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ കഴിഞ്ഞു. LD 229112, IF 353819, WC 291477, WC291478, WC 328782 എന്നീ ഫയലുകളിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി ഇല്ലായിരുന്നു.

**ഭരണാനുമതി**

പ്രവർത്തി ചെയ്തതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി. പരിശോധിച്ച WC 328782, WC 291478എന്നീ ഫയലുകളിൽ ഭരണാനുമതി കോപ്പി ഇല്ലായിരുന്നു. ബാക്കി ആറു ഫയലുകളിലും ഭരണാനുമതി കോപ്പി ഉണ്ടായിരുന്നു. സെക്യൂറിൽ നിന്നും ലഭിച്ച

കോപ്പിയാണ് ഉണ്ടായിരുന്നത്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലായിരുന്നു. ഭരണാനുമതി നമ്പർ, തിയ്യതി, അടങ്കൽ തുക, ഭരണാനുമതി തീരുമാനം എന്നിവ രേഖപ്പെടുത്തിയിരുന്നു.സെക്യൂറിൽ നിന്നും ലഭിച്ച കോപ്പി ആണ് ഉള്ളത്.

**സാങ്കേതികാനുമതി**

ഒരു പ്രവർത്തിക്ക് സാങ്കേതിക വിദഗ്ദ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതികാനുമതി രേഖ. പരിശോധിച്ച 8 ഫയലുകളിലും സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു . പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കോപ്പിയിൽ ഓവർസിയർ, അക്രെഡിറ്റെഡ് എഞ്ചിനീയർ, എൽ എസ് ജി ഡി എഞ്ചിനീയർ എന്നിവരുടെ ഒപ്പും സീലും പേരും രേഖപ്പെടുത്തിയിരുന്നു. സാങ്കേതികാനുമതി നമ്പർ, തിയ്യതി അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയിരുന്നു. സെക്യൂറിൽ നിന്നും ലഭിച്ച കോപ്പി ഉണ്ടായിരുന്നു. പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഫയലുകളിൽ ഉണ്ടായിരുന്നു. ഡ്രോയിങ് &ഡിസൈൻ ഇല്ലായിരുന്നു.

**സംയോജിത പദ്ധതി**

പരിശോധിച്ച 8 ഫയലുകളിലെ  പ്രവർത്തികൾ ഒന്നും തന്നെ സംയോജിത പദ്ധതി അല്ലായിരുന്നു.

**തൊഴിലിനുള്ള അപേക്ഷ**

തൊഴിലിനുള്ള അപേക്ഷ ഓരോ പ്രവർത്തി ഫയലിലും വേറെ വേറെ കൊടുത്തിട്ടില്ല. എല്ലാ അപേക്ഷകളും ഒന്നിച്ചാണ് വെച്ചിരിക്കുന്നത്. വ്യക്തഗതമായ അപേക്ഷകളാണ് ഉള്ളത്.

**തൊഴിൽ അനുവദിച്ചു തരുന്നതിന്റെ പകർപ്പ്**

തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയ്ക്ക്  പകരം മസ്റ്റർ റോൾ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി ആണ് എല്ലാ ഫയലിലും കാണാൻ സാധിച്ചത്.

**മസ്റ്റർ റോൾ**

പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പണി ആരംഭിക്കുന്നതിനു മുൻപ് രാവിലെയും അവസാനിച്ചതിന് ശേഷം വൈകുന്നേരവും മസ്റ്റർ റോളിൽ ഒപ്പുവെയ്ക്കണം. മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ പാടില്ല. പരിശോധിച്ച 8 ഫയലുകളിൽ മസ്റ്റർ റോളിലും എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്. IF 353817 എന്ന പ്രവർത്തി ഫയലിൽ 3 അവിദഗ്ദ്ധ മസ്റ്റർ റോളുകളും 5വിദഗ്ദ്ധ മസ്റ്റർ റോളുകളും ഉണ്ട്. LD229116 എന്ന പ്രവർത്തി ഫയലിൽ 17731, 17732,18125, 17733, 17734, 17737, 17738 എന്നീ മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിട്ടുണ്ട്. WC 291479 എന്ന പ്രവർത്തി ഫയലിലെ 14392, 14393, 14394, 14395, 14396 എന്നീ മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെട്ടു. WC 291478 എന്ന പ്രവർത്തി ഫയലിലെ 14370, 14371, 14372 എന്നിവയിൽ മാറ്റിന്റെ ഒപ്പ് കാണാൻ സാധിച്ചില്ല. തൊഴിലാളികളുടെ ദിവസവേതനവും ആകെ വേതനവും രേഖപ്പെടുത്തിയിട്ടുണ്ട്.

**മെഷർമെൻറ് ബുക്ക്**

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച 8 പ്രവർത്തി ഫയലിലും മെഷർമെൻറ് ബുക്ക് ഉണ്ട്. ഈ എം ബുക്കിൽ ഒന്നും തന്നെ പ്രവർത്തി കോഡ് രേഖപ്പെടുത്തിയിട്ടില്ല. അളവുകളെല്ലാം വിശദമായി നൽകിയിട്ടുണ്ട്. പ്രസിഡന്റിന്റെയും ഓവർസിയറുടെയും ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല. മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ട്.

**സാധന ഘടകം**

സിറ്റിസൺ ഇൻഫർമേഷൻ ബോർഡുമായി ബന്ധപ്പെട്ട തുക 8ഫയലിലും മെറ്റീരിയൽ ഇനത്തിൽ പെടുത്തിയാണ് കൊടുത്തിരിക്കുന്നത്. എം ബുക്കിൽ സാധന ഘടകങ്ങളുടെ തുക രേഖപ്പെടുത്തിയിരുന്നു.

വേജ് ലിസ്റ്റ് മാസ്റ്റർ റോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കിയാണ് വേതന വിതരണത്തിനുള്ള വേജ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. IF 353817 എന്ന പ്രവർത്തി ഫയലിൽ വേജ് ലിസ്റ്റിന്റെ കോപ്പി ഇല്ലായിരുന്നു. മറ്റു 7 പ്രവർത്തി ഫയലിലും വേജ് ലിസ്റ്റിന്റെ കോപ്പി

കാണാൻ കഴിഞ്ഞു. എം ഐ എസിൽ നിന്നും ഡൌൺലോഡ് ചെയ്ത കോപ്പി ആണ് ഉണ്ടായിരുന്നത്. FTO മുഖാന്തിരം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്തതായി മനസ്സിലായി.

**<u>എഫ് ടി ഒ</u>**

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഒപ്പുകൾ രേഖപ്പെടുത്തുന്നത്. അതിനാൽ ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ തയ്യാറാക്കിയ അന്നുതന്നെയോ പിറ്റേ ദിവസമോ തൊഴിലാളികളുടെ വേതനം ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് എത്തിക്കാൻ കഴിയും . ഇതിനു വേണ്ടി ഡിജിറ്റൽ സിഗ്നേച്ചറുകളാണ് സെക്രട്ടറിയും പ്രസിഡന്റും ഉപയോഗിക്കുന്നത്. IF 353817എന്ന പ്രവർത്തി ഫയലിൽ ഒഴിച്ച് ബാക്കി 7 ഫയലിലും എഫ് റ്റി ഒ യുടെ കോപ്പി ഉണ്ടായിരുന്നു.

**<u>മെറ്റീരിയൽ വൗച്ചർ</u>**

ഒരു പ്രവർത്തി സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂർമെന്റ്. പരിശോധിച്ച ഫയലുകളിൽ ഒന്നും മെറ്റീരിയൽ വൗച്ചർ സൂക്ഷിച്ചതായി കണ്ടില്ല.

**<u>റോയൽറ്റി</u>**

റോയൽറ്റി നൽകിയ പ്രവർത്തിയാണോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖയാണ് റോയൽറ്റി രേഖ. പരിശോധിച്ച പ്രവർത്തികളൊന്നും തന്നെ റോയൽറ്റി കൊടുക്കേണ്ട പ്രവർത്തികളല്ല.

**<u>ഫോട്ടോസ്</u>**

പ്രവർത്തിയുമായി ബന്ധപ്പെടുത്തി എടുക്കുന്ന മൂന്നു ഫോട്ടോ പതിപ്പുകൾ. അതായത് പ്രവർത്തനത്തിന്റെ ആരംഭം, പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം എന്നീ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോകൾ. IF 353817, LD 229116, IF 353817, LD 229112 എന്നീ പ്രവർത്തി ഫയലുകളിൽ പ്രവർത്തി നടക്കുന്നതിന് മുൻപും പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷവുമുള്ള ഫോട്ടോകൾ കാണാൻ

സാധിച്ചു. WC 291479 എന്ന പ്രവർത്തി ഫയലിൽ പണി തുടങ്ങുന്നതിനു മുൻപും പണി നടന്നുകൊണ്ടിരിക്കുമ്പോഴും ഉള്ള ഫോട്ടോ ഉണ്ടായിരുന്നു . WC 291478, WC 328782, WC 291477എന്നീ പ്രവർത്തി ഫയലുകളിൽ ഫോട്ടോസ് ഒന്നും തന്നെ ഇല്ലായിരുന്നു

പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കേറ്റിന്റെ കോപ്പി

പ്രവർത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം. പരിശോധിച്ച 8ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ലായിരുന്നു.

**മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്**

ഓരോ പ്രവർത്തിയുടെ ഓരോ ഘട്ടത്തിലെയും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികളുടെ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ് മെന്റ് സ്ലിപ് അഥവാ ഫയൽ ട്രാക്കിങ് ഫോം. പരിശോധിച്ച 8 പ്രവർത്തി ഫയലുകളിലും മസ്റ്റർ റോൾമൂവ് മെന്റ് സ്ലിപ് ഉണ്ടായിരുന്നു. പക്ഷെ വിവരങ്ങൾ പൂർണ്ണമല്ലായിരുന്നു.

**ആസ്തിയുടെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോകൾ**

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്. പരിശോധിച്ച 8ഫയലുകളിലും ജിയോ ടാഗ്ഗ്ഡ് ഫോട്ടോകൾ കാണാൻ കഴിഞ്ഞില്ല.

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പിന്റെ സവിശേഷതയാണ് തൊഴിലുറപ്പ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിൽ ആണോ, ലക്ഷ്യമിട്ട അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്. സോഷ്യൽ

ഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറു മാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ ഒന്നും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ഇല്ലായിരുന്നു.

## സൈറ്റ് ഡയറി

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തിയുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വയ്ക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. സൈറ്റ് ഡയറിയിൽ പ്രൊജക്റ്റ് മീറ്റിങ്ങിന്റെ ഹാജർ പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ വിജിലൻസ് &മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, തൊഴിലാളികളുടെ സാക്ഷ്യപത്രം, മാറ്റിന്റെ ഫോൺ നമ്പറും വിലാസവും, പണിയായുധങ്ങളുടെ വാടക, ചികിത്സാ ചെലവ് സംബന്ധിച്ച കാര്യങ്ങൾ ചെക്ക് ലിസ്റ്റ് എന്നിവയൊക്കെ

കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ വർക്ക് കോഡ് കൊടുത്തിട്ടില്ലായിരുന്നു. ചെക്ക് ലിസ്റ്റും തൊഴിലാളികളുടെ സാക്ഷ്യപത്രം, ആരംഭ മീറ്റിംഗ് നടത്തിയത്, വിജിലൻസ് &മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് എന്നിവയെല്ലാം ഉണ്ടായിരുന്നു.

## എസ്റ്റിമേറ്റും പ്രവർത്തിയുടെ അളവുകളും

പ്രവർത്തി നടപ്പാക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണം എന്ന് മാർഗനിർദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്. ഇതിൽ പദ്ധതിയുടെ പേര്, ഏറ്റെടുക്കേണ്ട പ്രവർത്തികൾ, അവയുടെ നീളം, വീതി, ഉയരം, ആഴം, തുക എന്നിവ നിർബന്ധമായും രേഖപ്പെടുത്തണം. സാധന സാമഗ്രികൾ വിദഗ്ദ്ധ -അവിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം, നൽകുന്ന കൂലി, സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ചെലവ് എന്നിവ നിർബന്ധമായും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. വർക്ക് ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് ഇംഗ്ലീഷിലുള്ളതും സാങ്കേതിക ഭാഷയിലുള്ളതുമാണ്. സാധാരണ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരിശോധിക്കാൻ കഴിയും വിധം ഈ എസ്റ്റിമേറ്റ് ജനകീയ ഭാഷയിലേക്കു ആക്കി പ്രവർത്തി

സമയത്ത് മേറ്റിന്റെ കൈവശം വെക്കേണ്ടതുമാണ്. ഇംഗ്ലീഷിൽ ഉള്ള എസ്റ്റിമേറ്റിലെ വിവരങ്ങളും അളവുകളും വേണ്ട രീതിയിൽ മനസ്സിലാകുന്നില്ലെന്നും ഭൂവുടമകൾ പറയുന്നിടത്തെല്ലാം പണി ചെയ്യേണ്ട അവസ്ഥ ആണെന്നും മാറ്റ് പറഞ്ഞു.

സ്വകാര്യ ഭൂമികളിൽ ചെയ്യുന്ന പ്രവർത്തികൾക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ ഭൂമിയുടെ അളവ് രേഖപ്പെടുത്തേണ്ടതാണ് . സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമിയിൽ ചെയ്ത പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .അളവുകൾ അടിസ്ഥാനപ്പെടുത്തിയാണ് ബില്ല് പാസാക്കുന്നതും വേതനം നൽകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്തിമമാകുന്നത്. .

**പരിശോധിച്ച 8പ്രവർത്തി ഫയലുകളിലെ പ്രവർത്തി നടന്ന സ്ഥലങ്ങളിൽ പോയപ്പോൾ എടുത്ത അളവുകളും വിശദാംശങ്ങളും താഴെ കൊടുക്കുന്നു.**

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തി നടന്ന സ്ഥലം | പ്രവർത്തിയുടെ പേര് | അളവ് |
|---|---|---|---|---|
| 1 | WC 291478 | കല്യാണി അമ്മ ഇല്ലത്ത് മീത്തൽ | മണ്ണ് കയ്യാല | നീളം -25.55m<br>ഉയരം -2m |
| 2 | WC 291478 | ശ്യാമള ഇല്ലത്ത് മീത്തൽ | മണ്ണ് കയ്യാല | നീളം -33.70m<br>ഉയരം -2.30m |
| 3 | WC 291478 | സരോജിനികുന്നത്തകത്തൂട്ട് | മണ്ണ് കയ്യാല | നീളം -19.50m<br>ഉയരം -1.50m |
| 4 | WC 291478 | ഷീബ കുന്നത്തകത്തൂട്ട് | കല്ല് കയ്യാല | നീളം -23.45<br>ഉയരം -1.06m<br>നീളം -7m |

| | | | | |
|---|---|---|---|---|
| | | | മണ്ണ് കയ്യാല | ഉയരം -1m |
| 5 | WC 291478 | പ്രസന്ന കോട്ടക്കുന്നുമ്മൽ | മണ്ണ് കയ്യാല | റോഡിനു വീതി കൂടിയപ്പോൾ കയ്യാല പോയി |
| 6 | WC 291478 | പ്രേമലത കോട്ടക്കുന്നുമ്മൽ | മണ്ണ് കയ്യാല | നീളം -19.50m<br>ഉയരം -2.20m |
| 7 | WC 291478 | ശ്രീലത കോട്ടക്കുന്നുമ്മൽ | മണ്ണ് കയ്യാല | നീളം -30.05m<br>ഉയരം -2m<br>നീളം -10.40m<br>ഉയരം -1.05m |
| 8 | WC 291478 | ലീല മൂത്തേക്കൽ | മണ്ണ് കയ്യാല | നീളം -51.80m<br>ഉയരം -1.70m<br>നീളം -10m<br>ഉയരം -1.50m |
| 9 | WC 291478 | കമല കോട്ടേമ്മൽ | മണ്ണ് കയ്യാല | അതിലെ റോഡ് വന്നപ്പോൾ കിളപോയി |
| 10 | WC 291479 | ഗീത | മണ്ണ് കയ്യാല | നീളം -82m |

| | | | | |
|---|---|---|---|---|
| | | കുളങ്ങരകത്തൂ ട്ട് | | ഉയരം -1.5m |
| 11 | WC 291479 | ഷീബ ചാത്തോത്ത് | മണ്ണ് കയ്യാല | നീളം -14m<br>ഉയരം -1m |
| 12 | WC 291479 | ശാരദ വളഞ്ചേരി മീത്തൽ | മണ്ണ് കയ്യാല | നീളം -17.50m<br>ഉയരം -1m |
| 13 | WC 291479 | റനീജ കാവുതേരി മീത്തൽ | മണ്ണ് കയ്യാല | നീളം -104.05m<br>ഉയരം -1.20m |
| 14 | WC 291479 | ലീല കുളങ്ങരകത്തൂ ട്ട് മീത്തൽ | മണ്ണ് കയ്യാല | കാട് പിടിച്ചതിനാൽ അളക്കാൻ കഴിഞ്ഞില്ല. |
| 15 | WC 291479 | കമല കാവുതേരി മീത്തൽ | മണ്ണ് കയ്യാല | നീളം -63.50m<br>ഉയരം -1m |
| 16 | WC 291479 | അഖില പൊയിലും കുന്നുമ്മൽ | മണ്ണ് കയ്യാല | നീളം -42.80m<br>ഉയരം -1m |
| 17 | WC 291479 | ശാരദ കെ. ടി കുടുംബിയിൽ താഴെ | മണ്ണ് കയ്യാല | നീളം -6m<br>ഉയരം -1m<br>കുറച്ചു ഭാഗം ഇടിഞ്ഞിട്ടുണ്ട് |
| 18 | WC 291479 | ശാന്ത. കെ. കുന്നത്ത് | മണ്ണ് കയ്യാല | നീളം -38m<br>ഉയരം -1m |
| 19 | WC 291479 | മാധവി. വി. കെ | മണ്ണ് കയ്യാല | നീളം -19.60m |

| | | | | |
|---|---|---|---|---|
| | | വടക്കേ കണ്ണച്ചാറമ്പത്ത് | | ഉയരം -1m |
| 20 | WC 291479 | ഭവാനി ശ്രീശൈലം | മണ്ണ് കയ്യാല | നീളം -37.50m<br>ഉയരം 50cm |
| 21 | WC 291479 | ജാനു അമ്മ ഒതയോത്ത് | മണ്ണ് കയ്യാല | നീളം -27.10m<br>ഉയരം-1m<br>കയ്യാല ഇടിഞ്ഞിട്ടുണ്ട് |
| 22 | WC 291479 | ശാരദ വി. കെ. വടക്കേ കണ്ണച്ചാറമ്പത്ത് | മണ്ണ് കയ്യാല | നീളം -26m<br>ഉയരം -1m |
| 23 | IF 353817 | സാവിത്രി എരിയാരി മീത്തൽ | കിണർ നിർമ്മാണം | വ്യാസം -2.6m |
| 24 | LD 229116 | ഷീബ മുണ്ടക്കുന്നു | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാടുപിടിച്ചു |
| 25 | LD 229116 | ലീല പുതിയേടത്തു കണ്ടി | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 26 | LD 229116 | നാരായണി പുതിയോട്ടിൽ | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 27 | LD 229116 | ശ്രീലത കേളോത്ത് | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 28 | LD 229116 | രാമൻ പുതിയോട്ടിൽ മീത്തൽ | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |

| | | | | |
|---|---|---|---|---|
| 29 | LD 229116 | ചോയിച്ചി തെക്കേ പുതിയേടത്ത് | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 30 | LD 229116 | കമലമ്മ കേളച്ചൻ വീട്ടിൽ | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 31 | LD 229116 | സുധ തരിശ്ശിൽ | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 32 | LD 229116 | സുനിൽകുമാർ എം സി ഭവൻ മൂലത്ത് | ഇടവിളക്കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 33 | IF 353819 | ബിന്ദു തിരുമംഗലത്ത് | കിണർ നിർമ്മാണം | വ്യാസം-2.30m |
| 34 | WC 328782 | രാധ പുനത്തും കുറ്റിയിൽ | മണ്ണ് കയ്യാല<br>വരമ്പുകൾ | നീളം - 7m<br>ഉയരം -1.50m<br>കാട് പിടിച്ച നിലയിൽ |
| 35 | WC 328782 | ദീപ വടക്കേടം കണ്ടി | മണ്ണ് കയ്യാല | നീളം -24.3m<br>ഉയരം -1m |
| 36 | WC 328782 | ഉഷ അനിശത്തം കണ്ടി | മണ്ണ് കയ്യാല | നീളം -16.40m<br>ഉയരം -1m |
| 37 | WC 328782 | ഉഷ കാരടി പറമ്പത്ത് | മണ്ണ് കയ്യാല<br>മഴക്കുഴി | നീളം -28.40m<br>ഉയരം -1m<br>5 |

| | | | | |
|---|---|---|---|---|
| 38 | WC 328782 | ഷീബ ചന്തം പുനത്തിൽ | മണ്ണ് കയ്യാല | നീളം -14.70m<br>ഉയരം -1m |
| 39 | WC 328782 | ലീല പുതിയെടത്തു കണ്ടി | മണ്ണ് കയ്യാല | നീളം -19.50m<br>ഉയരം -1m |
| 40 | WC 328782 | ശ്യാമള ശ്രീനിവാസൻ കണിയാം കണ്ടി | മണ്ണ് കയ്യാല | നീളം -24.20m<br>ഉയരം -1.30m |
| 41 | WC 328782 | ബേബി ഗിരിജ മുണ്ടക്കുന്ന് പറമ്പ് | മണ്ണ് കയ്യാല | മണ്ണെടുത്ത പ്പോൾ പോയി |
| 42 | WC 328782 | മാധവി കാരടി പറമ്പത്ത് | മണ്ണ് കയ്യാല | നീളം -18m<br>ഉയരം -1m |
| 43 | WC 328782 | വത്സല വടക്കേ മെറന്തോട്ട് | വരമ്പു<br>മഴക്കുഴി | നീളം 29.40m<br>5 |
| 44 | WC 291477 | വിലാസിനി അമ്മ കുറ്റിയിൽ മീത്തൽ | വരമ്പുകൾ | കാട് പിടിച്ചു |
| 45 | WC 291477 | സുജല കാരടി പറമ്പത്ത് | വരമ്പുകൾ | കാട് പിടിച്ചു |
| 46 | WC 291477 | മറിയം പുത്തൻ പുരയിൽ | വരമ്പുകൾ | കാട് പിടിച്ചു |
| 47 | WC 291477 | നബീസ പുത്തൻ കയ്യിൽ | വരമ്പുകൾ | കാട് പിടിച്ചു |
| 48 | WC 291477 | ദേവി ചന്തം പുനത്തിൽ | വരമ്പുകൾ | കാട് പിടിച്ചു |
| 49 | WC 291477 | ഗിരിജ | വരമ്പുകൾ | പുതിയ വീട് |

| | | | | |
|---|---|---|---|---|
| | | മൂത്തേക്കൽ മീത്തൽ | | വന്നു |
| 50 | WC 291477 | ലീല 5/26 | മഴ കുഴി | 5 എണ്ണം |
| 51 | WC 291477 | പത്മാവതി അമ്മ 5/268 | വരമ്പുകൾ | നീളം 32.40m |
| 52 | WC 291477 | ഷീബ ചാത്തോത്ത് | വരമ്പുകൾ<br>മഴ കുഴി | നീളം -23.50m<br>2 എണ്ണം |
| 54 | WC 291477 | രാധ പുനത്തും കുറ്റിയിൽ | മഴ കുഴി<br>വരമ്പുകൾ | 2<br>നികന്നു |
| 55 | WC 291477 | ജിഷ ശശി താഴെത്തിടത്തു മീത്തൽ | വരമ്പുകൾ<br>മഴ കുഴി | നികന്നു<br>3 |
| 56 | WC 291477 | സ്മിത എരിയാരി മീത്തൽ | വരമ്പുകൾ<br>മഴ കുഴി | നികന്നു<br>4 |
| 57 | WC 291477 | ഗോമതി ചിലങ്ക | വരമ്പുകൾ<br>മഴ കുഴി | കാട് പിടിച്ചു<br>5 എണ്ണം |
| 58 | WC 291477 | ശ്യാമള ഇല്ലത്ത് മീത്തൽ | വരമ്പുകൾ<br>മഴ കുഴി | നീളം -32.10m |
| 59 | WC 291477 | ബേബി ഗിരിജ മുണ്ടക്കുന്ന് | വരമ്പുകൾ<br>മഴ കുഴി | കാട് പിടിച്ചു |
| 60 | WC 291477 | അംബിക കണ്ണച്ചാറമ്പത്ത് | വരമ്പുകൾ | നീളം -18m |
| 61 | WC 291477 | പ്രിയ ദാസൻ പ്രിയാസ് | വരമ്പു<br>മഴ കുഴി | കാട് പിടിച്ചു കിടക്കുന്നു |
| 62 | WC 291477 | ദേവി | മഴ കുഴി | 5 |

| | | | | |
|---|---|---|---|---|
| | | ഒതയോത്ത് | വരമ്പുകൾ | നീളം -12m |
| 63 | WC 291477 | കുട്ടിമാളു 5/135 | വരമ്പുകൾ | നികന്നു |
| 64 | LD 229112 | രാധ പുനത്തും കുറ്റിയിൽ | പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| | | | | |
| 65 | LD 229112 | ദാമോദരൻ നായർ രഞ്ജിവ് നിവാസ് | പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |
| 66 | LD 229112 | രാധാകൃഷ്ണൻ നായർ എരിയാരി | പച്ചക്കറി കൃഷിക്ക് നിലം ഒരുക്കൽ | കാട് പിടിച്ചു |

## ഗ്രാമസഭ റിപ്പോർട്ട്

ചെങ്ങോട്ടുകാവ് പഞ്ചായത്തിലെ വാർഡ് 5 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 2019 ഡിസംബർ 9 ന് തിങ്കളാഴ്ച 4 മണിക്ക് എളാട്ടേരി കോട്ടക്കുന്നുമ്മൽ സ്കൂളിൽ ചേർന്നു. വാർഡ് മെമ്പർ ശശിധരൻ, ഓവർസിയർ ജീഷ്മ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ബിന്ദു, വില്ലേജ് റിസോഴ്സ് പേർസണൽ വിനിഷ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു. ആകെ 95 ആളുകൾ ഈ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കാളികളായി. മേറ്റ് ഗീത കുളങ്ങരകത്തൂട്ട് സ്വാഗതം പറഞ്ഞു. ശേഷം കൂട്ടത്തിലുള്ള ഷീബ മുണ്ടക്കുന്ന് അധ്യക്ഷത വഹിച്ചു. വില്ലേജ് റിസോഴ്സ് പേർസണൽ വിനിഷ ഭരണഘടനാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എല്ലാവരും അത് ഏറ്റു പറഞ്ഞു. അതിനു ശേഷം തൊഴിലുറപ്പിനെ കുറിച്ചും അതിന്റെ ലക്ഷ്യത്തെ കുറിച്ചും സോഷ്യൽ ഓഡിറ്റിന്റെ ആവിശ്യകതയെ കുറിച്ചും തൊഴിലാളികളുടെ 10 അവകാശങ്ങളെ പറ്റിയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ബിന്ദു വിശദമായി സംസാരിച്ചു. അതിനു ശേഷം ഫീൽഡ് പരിശോധനയിലൂടെ തൊഴിലാളികളുടെ അവകാശങ്ങളെ കുറിച്ച് മനസ്സിലാക്കിയ വിവരങ്ങളും പ്രവർത്തികളുടെ റിപ്പോർട്ടും വി ആർ പി വിനിഷ

അവതരിപ്പിച്ചു. വാർഡ് 5 ൽ ആകെ 8 പ്രവർത്തി ഫയലുകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിൽ പ്രവർത്തികളെ കുറിച്ച് വിശദീകരിച്ച ശേഷം ഫയലിൽ ഉണ്ടായിരിക്കേണ്ട രേഖകളെ കുറിച്ച് പറഞ്ഞു. മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ കണ്ടതിനെ കുറിച്ച് പറഞ്ഞു. പിന്നെ മെഷർമെൻറ് ബുക്ക്, എസ്റ്റിമേറ്റ്, സി ഐ ബി എന്നിവയെ കുറിച്ച് വിശദീകരിച്ചു. അതിനു ശേഷം ഫീൽഡ് പരിശോധനയുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും റിപ്പോർട്ടിൽ വായിച്ചു. റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ച ആയിരുന്നു.

*തങ്കമണി (5/154) - കുടിവെള്ളം തൊഴിൽ സ്ഥലത്തു ലഭിക്കാറില്ലെന്നു പറഞ്ഞു. കുടിവെള്ളം വീട്ടിൽ നിന്നും കൊണ്ട് വരാറാണ് പതിവ്. ഷീറ്റ് കിട്ടിയിട്ടില്ലെന്ന് പറഞ്ഞു.100പണി ഇതുവരെ ലഭിച്ചില്ലെന്ന് പറഞ്ഞു.

*റീജ (5/329)-തൊഴിൽ കാർഡിന് അപേക്ഷ കൊടുത്തിട്ട് 8മാസമായി ഇതുവരെ ലഭിച്ചില്ലെന്ന് പറഞ്ഞു

*ചാത്തുക്കുട്ടി (5/117)-തൊഴിലിനുള്ള അപേക്ഷയ്ക്ക് വേണ്ടി മേറ്റിനു 5രൂപ കൊടുക്കാറുണ്ട്.

*കാട് വെട്ടൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞു.

*ജോലി സമയം 9മുതൽ 4മണി വരെ ആക്കണം.

*തൊഴിൽ കാർഡിന്റെ ആവിശ്യത്തിന് മേറ്റിനു പഞ്ചായത്തിൽ പോയി വരുന്നതിന് വേണ്ടി 20രൂപ ഓരോ തൊഴിലാളിയും കൊടുക്കാറുണ്ട്.

*15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാറില്ല.

*തൊഴിൽ കാർഡിലേക്കുള്ള ഫോട്ടോ തൊഴിലാളികൾ കൈയ്യിൽ നിന്നും പൈസ കൊടുത്തു എടുത്തതാണെന്നു പറഞ്ഞു.

*തൊഴിൽ സ്ഥലങ്ങളിൽ വെച്ച് അപകടം പറ്റിയപ്പോൾ ചികിത്സാ സഹായം ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞു.

തൊഴിലാളികൾ സംസാരിച്ചതിന് ശേഷം ഓവർസിയർ ജീഷ്മ സംസാരിച്ചു. തൊഴിൽ എടുത്ത് 15ദിവസത്തിനകം കൂലികിട്ടാത്തതിന് കാരണം പറഞ്ഞത് പഞ്ചായത്തിൽ നിന്നും തൊഴിൽ എടുത്ത് 7ദിവസത്തിനകം എഫ് ടി ഓ തയ്യാറാക്കി അയക്കാറുണ്ടെന്നും കേന്ദ്രത്തിൽ നിന്നും ഫണ്ട് ശരിയായാൽ എല്ലാവർക്കും കൂലി ലഭിക്കുമെന്നും പറഞ്ഞു. 5 വർഷം വരെ ഫോട്ടോ നല്ലത് പോലെ

നിക്കാൻ വേണ്ടിയാണ് ഫോട്ടോ തൊഴിലാളികളിൽ നിന്നും വാങ്ങിയതെന്ന് പറഞ്ഞു. ഫോട്ടോ എടുക്കാൻ വൈകിയതിനാൽ കഴിഞ്ഞ പ്രാവിശ്യം LD വർക്ക് ചെയ്യാൻ കഴിഞ്ഞില്ല. അതിനാൽ 100 പണി തികയ്ക്കാൻ കഴിഞ്ഞില്ല. ഈ വാർഡിൽ കൂടുതൽ തൊഴിലാളികൾ ഉള്ളത് കൊണ്ടാണ് തൊഴിൽ ദിനങ്ങൾ കുറയുന്നതെന്നു പറഞ്ഞു. എല്ലാവർക്കും കൂടുതൽ പണി കിട്ടാൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യാറുണ്ടെന്നും പറഞ്ഞു. പഞ്ചായത്തിൽ എവിടെ ആയാലും പണി ചെയ്യാൻ തൊഴിലാളികൾ തയ്യാറാകണമെന്നും തൊഴിലിനുള്ള അപേക്ഷയ്ക്ക് പഞ്ചായത്തിൽ നിന്നും ഒരു പൈസയും വാങ്ങാറില്ലെന്നും പറഞ്ഞു. പുറത്തുള്ള കടക്കാരാണ് അപേക്ഷയ്ക്ക് പൈസ വാങ്ങുന്നത്. വെള്ളപ്പേപ്പറിൽ എഴുതി തന്നാലും പഞ്ചായത്തിൽ വന്ന് വാക്കാലെ പറഞ്ഞാലും അപേക്ഷ സ്വീകരിക്കുമെന്ന് പറഞ്ഞു. മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ വരുന്നത് പ്രായമുള്ള തൊഴിലാളികൾ കളം മാറി ഒപ്പിടുന്നത് കൊണ്ടാണ്. പ്രവർത്തി സമയം 9 മുതൽ 5മണി വരെ ആണെന്നും സമയം ഇതുവരെ മാറ്റിയിട്ടില്ലെന്നും പറഞ്ഞു. പിന്നെ ആട്ടിൻ കൂട്, കോഴിക്കൂട്, പശുവിന്റെ ആല എന്നിവ പണിയിൽ ഉൾപ്പെടുത്താം പക്ഷെ തൊഴിൽ ദിനങ്ങൾ കുറവായിരിക്കുമെന്നു പറഞ്ഞു. ആസ്തി നിർമ്മിത പ്രവർത്തികളാണ് തൊഴിലുറപ്പിൽ ചെയ്യേണ്ടതെന്നും ഒരു പ്രവർത്തി 3വർഷം നിലനിൽക്കണമെന്നും തൊഴിലാളികളോട് ആവശ്യപ്പെട്ടു.

അതിനു ശേഷം തൊഴിലാളികൾ റിപ്പോർട്ട് കയ്യടിച്ചു പാസാക്കുകയും മേറ്റ് ലളിത കുന്നത്തകത്തൂട്ട് നന്ദി പറഞ്ഞതിന് ശേഷം 5.15 ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിച്ചു.

<u>തീരുമാനങ്ങൾ</u>

* 15ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

* 100 ദിവസം തൊഴിൽ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

* പദ്ധതി ആസൂത്രണത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചു.

* തൊഴിലുറപ്പുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്നും യാതൊരു പൈസയും വാങ്ങാൻ പാടില്ലെന്ന് തീരുമാനിച്ചു.

* തരിശ് ഭൂമിയിൽ കൃഷിക്ക് വേണ്ടി നിലം ഒരുക്കിയ സ്ഥലത്തു പാട്ടത്തിനെടുത്തു കൃഷി ചെയ്യാമെന്നൊരു തീരുമാനം വന്നു.

* ബിപിൽ, എസ് സി, വിധവ, അംഗപരിമിതർ തുടങ്ങിയവരുടെ ഭൂമിയിലെ പണി ചെയ്തു കൊടുത്തതിനു ശേഷം മാത്രം ഭൂവുടമകളുടെ സ്ഥലത്ത് പണി എടുക്കാൻ പാടുള്ളു എന്ന് തീരുമാനിച്ചു.

* ഒരു റീസർവ്വേയിൽ 3 വർഷത്തിലൊരിക്കൽ മാത്രം ഭൂവികസന പ്രവർത്തികൾ ചെയ്യാൻ തീരുമാനിച്ചു.

* പരിസ്ഥിതിക്ക് അനുയോജ്യമായ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ തീരുമാനിച്ചു.